**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 89** **12-10-2026-ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പുതുക്കാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമാണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട് റെയിൽവേ മേൽപ്പാലം, മലയോര ഹൈവേ നിർമ്മാണം എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിനും ടെണ്ടറുകൾക്ക് അപ്രൂവൽ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

**മറുപടി:** പുതുക്കാട് മണ്ഡലങ്ങളിലായി സ്ഥിതി ചെയുന്ന പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്, മലയോര ഹൈവേ വിളങ്ങനൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള ഭാഗം എന്നീ പദ്ധതികളുടെവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**i) പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്:**

കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ്. പ്രസ്തുത ഓവർ ബ്രിഡ്ജിനു 27.07.2016 തീയതിയിലെ G.O(Rt)No.1324/2016/PWD ഉത്തരവ് പ്രകാരം 40 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 06.06.2025 തീയതിയിലെ PWD005-05/APR-3/2025/KIIFB ഉത്തരവ് പ്രകാരം 41.56 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ആർ.ബി.ഡി.സി.കെ-ൽ നിന്ന് ലഭിച്ച വിവരം പ്രകാരംപ്രസ്തുത പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മൂന്നു തവണ ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും, അവസാന രണ്ട ടെൻഡറിൽ ഒരു കോൺട്രാക്ടർ മാത്രമാണ് പങ്കെടുത്തത്. കൂടാതെ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡപ്രകാരമുള്ള തുകയേക്കാൾ കൂടുതൽ തുകയ്ക്കാണ് അവസാന രണ്ട ടെൻഡർ ലഭിച്ചിരുന്നത്.അതിനാൽ ടെൻഡർ അംഗീകാരത്തിനായി ഗവൺമെന്റിന്റെ സമക്ഷം സമർപ്പിക്കുകയും, ആയതിനു മറുപടിയായി കോൺട്രാക്ടറുമായി നെഗോസിയേഷൻ നടത്തി ഗവൺമെന്റ് അംഗീകൃത മാർഗ്ഗ നിർദ്ദേശങ്ങൾക്കുള്ളിൽ കൊണ്ടുവരുവാനും അല്ലാത്തപക്ഷം എസ്റ്റിമേറ്റ് റീകാസ്റ്റ് നടത്തി റീടെൻഡർ നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിരുന്നു

എന്നും ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്. ആയതിപ്രകാരം കോൺട്രാക്ടറുമായി നെഗറ്റിയേഷൻ നടത്തുകയും ആയതിനു കോൺട്രാക്ടർ സമ്മതമല്ലെന്നു അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പദ്ധതിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണെന്നും പദ്ധതി നിർവഹണ ഏജൻസിയായ ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ റീകാസ്റ്റ് ചെയ്ത എസ്റ്റിമേറ്റ് ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ. കിഫ്ബിലേക്ക്റിവിഷൻ പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ റിവിഷൻ പ്രൊപ്പോസലിൽ അവലോകനം നടത്തിയതിൽ നിർമ്മാണ തുകയും യൂട്ടിലിറ്റി മാറ്റുന്നതിനുള്ള തുകയും ഒപ്റ്റിമൈസ് ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കാൻ പദ്ധതി നിർവഹണ ഏജൻസിക്കു നിർദ്ദേശം നൽകി ഫയൽ തിരികെ നൽകിയിട്ടുണ്ട്. 13.08.2026-ന് ചേർന്ന കിഫ്ബിയുടെ 58-ാമത് ജനറൽ ബോഡിയുടെ മുൻഗണനാക്രമം പുനർനിശ്ചയിച്ച പട്ടികയിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ നിലവിൽ പദ്ധതി ആരംഭിച്ചിട്ടില്ലാത്തതും ഭരണാനുമതി ലഭ്യമായതുമായ പദ്ധതികൾ അവയുടെ നിലവിലെ ഘട്ടം, പ്രാധാന്യം, സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് പ്രത്യേകം വിലയിരുത്തി ഉചിതമായ തീരുമാനമെടുക്കുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ii) മലയോര ഹൈവേ: വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര റോഡ്

(പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി (Ch:14/514 to Ch:20/014) - 5.50 കി.മീ)

10/07/2017 തീയതിയിലെ G.O(Rt)No.942/2017/PWD ഉത്തരവ് പ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചകിഫ്ബി ധനസഹായത്തോടെ കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന മലയോര ഹൈവേയിൽ ഉൾപ്പെട്ട പുതുക്കാട്ഒല്ലൂർ നിയോജക മണ്ഡലങ്ങളിൽ വരുന്ന വിളങ്ങന്നൂർ - വെള്ളിക്കുളങ്ങര റോഡിന് 20.03.2022-ൽ PWD013-31/TE-1/2022/KIIFB ഉത്തരവ് പ്രകാരം 136.499 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത പദ്ധതിയുടെ ആകെ നീളം 31.925 കീ.മീ. ആണ്. ഇതിൽ 9.10 കീ.മീ. ഒല്ലൂർ നിയമസഭ മണ്ഡലത്തിലൂടെയും, ശേഷിക്കുന്ന 21.925 കീ.മീ. പുതുക്കാട് നിയമസഭ മണ്ഡലത്തിലൂടെയും കടന്നുപോകുന്നു. കൂടാതെ പുതുക്കാട് മണ്ഡലത്തിൽ ഏകദേശം 14 കീ.മീ. ഭാഗം വനഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ, വനഭൂമി വിനിയോഗത്തിന്നായി PARIVESH പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത നടപടി വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയാണെന്നും പദ്ധതി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവഹണ ഏജൻസിയായ കെ.ആർ.എഫ്.ബി-യിൽ നിന്നും ലഭിച്ച വിവര പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽ വരുന്ന ഭൂമി ലഭ്യമായ പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി (Ch: 14/514 to Ch: 20/014) വരെയുള്ള 5.50 കി.മീ ഭാഗത്തെ പ്രവൃത്തിക്കായി 24.10.2025-ൽ 44.52 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 28.10.2025-ന് ടെൻഡർ ചെയ്തിട്ടുള്ളതും കുറഞ്ഞ തുകയ്ക്കു ക്വാട്ട് ചെയ്ത ബിഡ്ഡർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിനും തുടർനടപടികൾക്കുമായി 70-മത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ പരിഗണനയ്ക്കുസമർപ്പിച്ചിട്ടുണ്ടെന്നും കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നാണെന്നും കെ.ആർ.എഫ്.ബി അറിയിച്ചിട്ടുള്ളത്. 13.08.2026-ന് ചേർന്ന കിഫ്ബിയുടെ 58-ാമത് ജനറൽ ബോഡിയുടെ മുൻഗണനാക്രമം പുനർനിശ്ചയിച്ച പട്ടികയിൽ പ്രസ്തുത പദ്ധതി ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ നിലവിൽ പദ്ധതി ആരംഭിച്ചിട്ടില്ലാത്തതും ഭരണാനുമതി ലഭ്യമായതുമായ പദ്ധതികൾ അവയുടെ നിലവിലെ ഘട്ടം , പ്രാധാന്യം , സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് പ്രത്യേകം വിലയിരുത്തി ഉചിതമായ തീരുമാനമെടുക്കുന്നതിനും ബോർഡ് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി, ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡ്ഡർക്ക് ടെൻഡർ അനുവദിക്കുന്നതിനുള്ള കിഫ്ബിയുടെ അംഗീകാരം തേടി പ്രോജക്ട് ഡയറക്ടർ, കെ.ആർ.എഫ്.ബി. കത്ത് സമർപ്പിച്ചിരുന്നു. ഇതിന് മറുപടിയായി, പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് സർക്കാരിന്റെ അംഗീകാരമോ നിർദ്ദേശങ്ങളോ ലഭ്യമാക്കുന്നതിനായി 05.10.2026-ലെ PWD013-31-MISC-01 നമ്പർ കത്ത് മുഖേന കെ.ആർ.എഫ്.ബി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

**(ബി)** പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നടപ്പാക്കുന്ന മുഴുവൻ പ്രവർത്തികളും കാലതാമസം കൂടാതെ നടപ്പാക്കുന്നതിനും പൂർത്തീകരിക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കിഫ്ബി സ്വീകരിക്കാറുണ്ട്. പദ്ധതിയിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവഹണ ഏജൻസികൾ, ബഹുമാന്യരായ നിയമസഭാ സാമാജികർ, ഭരണ വകുപ്പ്,പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾ, പദ്ധതി ബാധിതർ/ ഉപയോക്താക്കൾ, കരാറുകാർ തുടങ്ങി ബന്ധപ്പെട്ടവരെ ഏകോപിപ്പിച്ചു കൊണ്ട് കിഫ്ബി, ഭരണവകുപ്പ് തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**